എ.വൈ.ആർ

## സൂറ-11

# ഹൂദ്

فَإِن تَوَلَّوْاْ فَقَدْ أَبْلَغْتُكُم مَّآ أُرْسِلْتُ بِهِۦٓ إِلَيْكُمْۚ وَيَسْتَخْلِفُ رَبِّى قَوْمًا
غَيْرَكُمْ وَلَا تَضُرُّونَهُۥ شَيْـًٔاۚ إِنَّ رَبِّى عَلَىٰ كُلِّ شَىْءٍ حَفِيظٌ ﴿٥٧﴾

**57** നിങ്ങൾ എന്റെ സന്ദേശത്തിൽനിന്ന് പിന്തിരിയുകയാണെങ്കിൽ തിരിഞ്ഞുകൊള്ളുക. നിങ്ങളിലെത്തിക്കാൻ ഞാൻ നിയോഗിക്കപ്പെട്ട സന്ദേശം എത്തിച്ചുകഴിഞ്ഞിരിക്കുന്നു. ഇനി എന്റെ നാഥൻ മറ്റൊരു ജനതയെ ഉയിർത്തെഴുന്നേൽപിക്കുന്നതാകുന്നു. അവന്ന് ഒരു കോട്ടവും വരുത്താൻ നിങ്ങളെക്കൊണ്ടാവില്ല. തീർച്ചയായും എന്റെ നാഥൻ സകലകാര്യങ്ങളുടെയും പരിപാലകനാകുന്നു.

وَلَمَّا جَآءَ أَمْرُنَا نَجَّيْنَا هُودًا وَٱلَّذِينَ ءَامَنُواْ مَعَهُۥ بِرَحْمَةٍ مِّنَّا وَنَجَّيْنَـٰهُم
مِّنْ عَذَابٍ غَلِيظٍ ﴿٥٨﴾

**58** നമ്മുടെ ശിക്ഷാവിധി ആസന്നമായപ്പോൾ ഹൂദിനെയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും നമ്മുടെ കാരുണ്യത്താൽ രക്ഷിച്ചു. നിഷ്ഠുരമായ ദണ്ഡനത്തിൽനിന്നാണ് നാം അവരെ മോചിപ്പിച്ചത്.

وَتِلْكَ عَادٌۖ جَحَدُواْ بِـَٔايَـٰتِ رَبِّهِمْ وَعَصَوْاْ رُسُلَهُۥ وَٱتَّبَعُوٓاْ أَمْرَ كُلِّ جَبَّارٍ
عَنِيدٍ ﴿٥٩﴾

**59** ഇതത്രെ ആദ് വർഗത്തിന്റെ കഥ. വിധാതാവിന്റെ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിച്ചു. അവന്റെ ദൂതന്മാരെ ധിക്കരിച്ചു. സകല ധിക്കാരമൂർത്തികളായ സ്വേഛാ പ്രമത്തരുടെയും ആജ്ഞകൾ പിന്തുടരുകയും ചെയ്തു.

وَأُتْبِعُوا۟ فِى هَـٰذِهِ ٱلدُّنْيَا لَعْنَةً وَيَوْمَ ٱلْقِيَـٰمَةِ ۗ أَلَآ إِنَّ عَادًا كَفَرُوا۟
رَبَّهُمْ ۗ أَلَا بُعْدًا لِّعَادٍ قَوْمِ هُودٍ ﴿٦٠﴾

**60** അങ്ങനെ അവർ ഈ ലോകത്തും ഉയിർത്തെഴുന്നേൽപുനാളിലും അഭിശപ്തരായിത്തീർന്നു. അറിയുവിൻ! ആദുവർഗം അവരുടെ വിധാതാവിനെ നിഷേധിച്ചു. അറിയുവിൻ ഹൂദിന്റെ ജനമായ ആദുവർഗം അതിദൂരം തൂത്തെറിയപ്പെട്ടു.

(എന്റെ സന്ദേശത്തിൽനിന്ന്) നിങ്ങൾ പിന്തിരിയുന്നുവെങ്കിൽ(തിരിഞ്ഞുകൊള്ളുക) =فَإِن تَوَلَّوْا۟

ഞാൻ നിങ്ങൾക്ക് എത്തിച്ചുകഴിഞ്ഞിരിക്കുന്നു =فَقَدْ أَبْلَغْتُكُم

നിങ്ങളിലേക്ക് ഞാൻ നിയുക്തനായത് എന്തുകൊണ്ടാണോ =مَّآ أُرْسِلْتُ بِهِۦٓ إِلَيْكُمْ

അത് (നിങ്ങളിലെത്തിക്കാൻ ഞാൻ നിയോഗിക്കപ്പെട്ട സന്ദേശം)

(ഇനി) എന്റെ നാഥൻ പിൻഗാമിയാക്കും (ഉയിർത്തെഴുന്നേൽപിക്കും) =وَيَسْتَخْلِفُ رَبِّى

നിങ്ങളല്ലാത്ത (മറ്റു) =غَيْرَكُمْ ഒരു ജനതയെ =قَوْمًا

നിങ്ങൾ അവനെ ക്ലേശിപ്പിക്കുകയില്ല (അവന് കോട്ടം വരുത്താൻ നിങ്ങൾക്കാവില്ല) =وَلَا تَضُرُّونَهُۥ

തീർച്ചയായും എന്റെ നാഥൻ =إِنَّ رَبِّى ഒരു വസ്തുവും(ഒരു) =شَيْـًٔا

എല്ലാ വസ്തുവിന്റെയും (സകല കാര്യങ്ങളുടെയും) =عَلَىٰ كُلِّ شَىْءٍ

വന്ന(ആസന്നമായ)പ്പോൾ =وَلَمَّا جَآءَ മേൽനോട്ടക്കാരൻ (പരിപാലകൻ) ആകുന്നു =حَفِيظٌ

നാം രക്ഷിച്ചു =نَجَّيْنَا നമ്മുടെ കൽപന (ശിക്ഷാവിധി) =أَمْرُنَا

ഹൂദിനെയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും =هُودًا وَٱلَّذِينَ ءَامَنُوا۟ مَعَهُۥ

നാം അവരെ രക്ഷി(മോചിപ്പിച്ചത്)ച്ചു =وَنَجَّيْنَـٰهُم നമ്മിൽനിന്നുള്ള കാരുണ്യത്താൽ =بِرَحْمَةٍ مِّنَّا

പരുഷ(നിഷ്ഠുര)മായ ദണ്ഡനത്തിൽ നിന്നാണ് =مِّنْ عَذَابٍ غَلِيظٍ

അവർ നിഷേധിച്ചു(ക്കുകയും) =جَحَدُوا۟ അതത്രെ ആദ് (ദുർവർഗത്തിന്റെ കഥ) =وَتِلْكَ عَادٌ

അവരുടെ വിധാതാവിന്റെ ദൃഷ്ടാന്തങ്ങളെ, സൂക്തങ്ങളെ =بِـَٔايَـٰتِ رَبِّهِمْ

അവന്റെ ദൂതന്മാരെ =رُسُلَهُۥ അവർ ധിക്കരി(ക്കുകയും)ച്ചു =وَعَصَوْا۟

കൽപനയെ =أَمْرَ അവർ പിന്തുടർന്നു, അനുസരിച്ചു =وَٱتَّبَعُوٓا۟

ധിക്കാരമൂർത്തികളായ =عَنِيدٍ സകല സ്വേഛാ പ്രമത്തരുടെയും =كُلِّ جَبَّارٍ

അവർ പിന്തുടർത്തപ്പെട്ടു(അങ്ങനെ അവർ ആയിത്തീർന്നു) =وَأُتْبِعُوا۟

ശാപത്താൽ (അഭിശപ്തർ) =لَعْنَةً ഈ ഇഹലോകത്തിൽ =فِى هَـٰذِهِ ٱلدُّنْيَا

അറിയുവിൻ =أَلَآ ഉയിർത്തെഴുന്നേൽപുനാളിലും =وَيَوْمَ ٱلْقِيَـٰمَةِ

إِنَّ عَادًا= നിശ്ചയം ആദുവർഗം كَفَرُوا= നിഷേധിച്ചു رَبَّهُمْ= അവരുടെ വിധാതാവിനെ
أَلَا= അറിയുവിൻ بُعْدًا= നാശം, (അതിദൂരം തൂത്തെറിയപ്പെട്ടു)
لِّعَادٍ= ആദിനു (ദുർഗം) قَوْمِ هُودٍ= ഹൂദിന്റെ ജനമായ(യിരുന്ന)

**57:** ഹൂദ് നബി സ്വജനങ്ങൾക്ക് നൽകുന്ന അന്ത്യശാസനമാണിത്. സത്യനിഷേധത്തിന്റെയും ധർമധിക്കാരത്തിന്റെയും നിലപാടിൽ ഉറച്ചുനിൽക്കാൻ തന്നെയാണ് നിങ്ങൾ തീരുമാനിക്കുന്നതെങ്കിൽ അതിന്റെ എല്ലാ അനന്തര ഫലങ്ങളുടെയും ഉത്തരവാദി നിങ്ങൾ മാത്രമായിരിക്കും. തെറ്റുകൾ തിരുത്തി നിങ്ങളെ സന്മാർഗത്തിലേക്കു നയിക്കാൻ എന്നെ നിയോഗിച്ചതോടെ അല്ലാഹു നിങ്ങളോടുള്ള ഉത്തരവാദിത്വം പൂർത്തീകരിച്ചിരിക്കുന്നു. ഞാനാകട്ടെ എന്നെ ഏൽപിച്ച ദൈവിക സന്ദേശം യഥാവിധി നിങ്ങൾക്കെത്തിച്ചു തരികയും ചെയ്തു. അതോടെ എന്റെ ഉത്തരവാദിത്വവും നിറവേറ്റപ്പെട്ടു. എന്റെ സന്ദേശം സ്വീകരിക്കുകയും അതിനൊത്ത് ജീവിതം ക്രമീകരിക്കുകയും ചെയ്യുക എന്നത് നിങ്ങളുടെ ഉത്തരവാദിത്വമാണ്. നിങ്ങളതു പൂർത്തീകരിക്കുന്നില്ലെങ്കിൽ എന്റെ നാഥന്ന് ചെയ്യാനുള്ളത് ലോകത്ത് അസത്യവും അധർമവും മാത്രം വളർത്താൻ പ്രതിജ്ഞയെടുത്ത നിങ്ങളുടെ മുരടറുത്തു കളഞ്ഞു തൽസ്ഥാനത്തു മറ്റൊരു ജനതയെ ഉയർത്തിക്കൊണ്ടുവരിക എന്നതാണ്. അതു ചെയ്യാൻ അവന് യാതൊരു പ്രയാസവുമില്ല. وَلَا تَضُرُّونَهُ شَيْئًا എന്നാണ് മൂലവാക്യം. നിങ്ങൾ ഒട്ടും അവനെ ബുദ്ധിമുട്ടിക്കുകയില്ല എന്ന് ഭാഷാർഥം. താൽപര്യമിതാണ്: നിങ്ങൾ ഉന്മൂലനം ചെയ്യപ്പെടുന്നതിലൂടെ അല്ലാഹുവിന് എന്തെങ്കിലും കോട്ടമോ കുഴപ്പമോ വരുമെന്ന് കരുതേണ്ട. അവനെ അതിൽനിന്ന് തടയാനുമാവില്ല ആർക്കും. അവനെ സംബന്ധിച്ചേടത്തോളം അതൊരു ക്ലേശകരവുമായ കാര്യവുമല്ല. നിങ്ങൾ നശിപ്പിക്കപ്പെട്ടാൽ നിങ്ങൾക്ക് ഈ ജീവിതവും ലോകവും നഷ്ടപ്പെട്ടുവെന്നല്ലാതെ അല്ലാഹുവിന്റെ പ്രപഞ്ചത്തിന് ഒന്നും സംഭവിക്കുകയില്ല. ഈ ദുനിയാവ് പഴയപടി അവന്റെ മേൽ നോട്ടത്തിൽ പരിപാലിക്കപ്പെട്ടുകൊണ്ടു തന്നെയിരിക്കും. إِنَّ رَبِّي عَلَىٰ كُلِّ شَيْءٍ حَفِيظٌ എന്റെ നാഥൻ എല്ലാറ്റിന്റെയും പാലകനാകുന്നു. ദുഷിച്ച വസ്തുക്കളെ തള്ളിക്കളഞ്ഞ് തൽസ്ഥാനത്ത് പുതിയവ സ്ഥാപിക്കുക അവന്റെ ചര്യയാണ്. ഒരിക്കൽ ഈ ലോകത്തെ സൃഷ്ടിച്ചു വിട്ടശേഷം അതുമായി ബന്ധമില്ലാതെ മറ്റെങ്ങോപോയി കുത്തിയിരിക്കുകയല്ല അവൻ. മറിച്ച്, അതിനെ നിരന്തരം നിരീക്ഷിച്ച് പരിപാലിച്ചുകൊണ്ടിരിക്കുകയാണ്. ഒരു ജനത അവന്റെ പരിധികൾ ലംഘിക്കുമ്പോൾ അവർക്ക് മുന്നറിയിപ്പു നൽകാനും ധർമപരിധിയിലുറപ്പിച്ചു നിർത്താനും അവൻ ദൂതന്മാരെ നിയോഗിക്കുന്നു. ദൈവദൂതന്മാരെയും വേദപ്രമാണങ്ങളെയും ധിക്കരിച്ചുകൊണ്ട് ധർമലംഘനത്തിലൂടെ തന്നെ മുന്നേറുന്നവർ അനിവാര്യമായും നാശഗർത്തത്തിൽ ചെന്നു പതിക്കുന്നു.

**58:** മുൻ സൂക്തത്തിൽ ഉദ്ധരിച്ച, ഹൂദ് നബിയുടെ അന്ത്യശാസനവും ആദ് ജനത ചെവിക്കൊണ്ടില്ല. അവർ അക്രമത്തിലും അസത്യത്തിലും നാൾക്കുനാൾ ഏറെയേറെ ആണ്ടുപൊയ്ക്കൊണ്ടിരുന്നു. അങ്ങനെ അവരുടെ വിനാശം അനിവാര്യമായിത്തീർന്നു. ആദുവർഗം തൂത്തെറിയപ്പെടേണ്ട സമയം ആസന്നമായപ്പോൾ അല്ലാഹു ഹൂദ് നബിയോടും സത്യവിശ്വാസികളോടും ആ നാട് വിട്ടുപോകാൻ കൽപിച്ചു. അവർ സുരക്ഷിത

രായി പലായനം ചെയ്തതോടെ ആദുകാരുടെ പ്രദേശം നശിപ്പിക്കപ്പെടേണ്ടവരുടെ മാത്രം നാടായി മാറി. അതിഘോരമായ ശിക്ഷയാണ് അവരിൽ വന്നെത്തിയത്. അതിൽനിന്ന് മോചിപ്പിക്കപ്പെടുക എന്നത് വലിയൊരനുഗ്രഹമാണ്. അതാണ് ശിക്ഷയിൽനിന്നുള്ള വിശ്വാസികളുടെ മോചനം ആവർത്തിച്ചനുസ്മരിക്കുന്നതിന്റെ ധ്വനി. ആ ശിക്ഷ എന്തായിരുന്നുവെന്ന് ഖുർആൻ മറ്റു സ്ഥലങ്ങളിൽ പരാമർശിക്കുന്നുണ്ട്.

إِنَّآ أَرْسَلْنَا عَلَيْهِمْ رِيحًا صَرْصَرًا فِى يَوْمِ نَحْسٍ مُّسْتَمِرٍّ ﴿١٩﴾ تَنزِعُ

ٱلنَّاسَ كَأَنَّهُمْ أَعْجَازُ نَخْلٍ مُّنقَعِرٍ ﴿٢٠﴾

(നാം ഒരു കൊടിയ ദുരിത നാളിൽ അവക്ക് നേരെ ഘോരമായ കാറ്റിനെ അഴിച്ചുവിട്ടു. അത് ജനത്തെ കടപുഴകിയ ഈത്തപ്പനകളെന്നോണം എടുത്തെറിഞ്ഞുകൊണ്ടിരുന്നു" – 54:19,20).

سَخَّرَهَا عَلَيْهِمْ سَبْعَ لَيَالٍ وَثَمَـٰنِيَةَ أَيَّامٍ حُسُومًا فَتَرَى ٱلْقَوْمَ فِيهَا صَرْعَىٰ

كَأَنَّهُمْ أَعْجَازُ نَخْلٍ خَاوِيَةٍ ﴿٧﴾

ആ കാറ്റിനെ ഏഴുരാവും എട്ടുപകലും അവരുടെ മേൽ തന്നെ പിടിച്ചുനിർത്തി. നീ അവിടെ ഉണ്ടായിരുന്നുവെങ്കിൽ ജനം ജീർണിച്ച ഈത്തപ്പനത്തടികളെന്നോണം വീണുകിടക്കുന്നത് കാണാമായിരുന്നു" – 69:7).

**59:** ആദ് ജനതയുടെ വിനാശത്തിന്റെ താത്വികമായ കാരണങ്ങൾ ഒരിക്കൽ കൂടി ഉണർത്തുകയാണ്. ഒന്നാമതായി അവർ ഈ പ്രപഞ്ചം സൃഷ്ടിച്ചു പരിപാലിക്കുന്ന സർവശക്തനായ വിധാതാവിനെ നിഷേധിച്ചു. ഇവിടെ നിഷേധിച്ചു -جَحَدُوا- എന്നു പറയുന്നത് ഏകദൈവത്തിന്റെ അസ്തിത്വം നിഷേധിച്ചു എന്ന അർഥത്തിലല്ല; ഏകദൈവ വിശ്വാസത്തിന്റെ താൽപര്യങ്ങൾ നിഷേധിച്ചു എന്ന അർഥത്തിലാണ്. എല്ലാ ദൈവങ്ങൾക്കും മീതെ ഒരു ദൈവമുണ്ടെന്ന് അവരും അംഗീകരിച്ചിരുന്നു. പക്ഷെ നേരിട്ട് ആരാധിക്കേണ്ടതും അനുസരിക്കേണ്ടതും പ്രാർഥിക്കേണ്ടതും പാരമ്പര്യമായി ആരാധിച്ചുവരുന്ന ദൈവങ്ങളെയാണ്. പരമേശ്വരന്റെ പങ്കാളികളും സഹകാരികളുമാണവർ. ഈ ലോകത്തിന്റെയും തങ്ങളുടെയും ഭാഗധേയം കൈയാളുന്നത് അവരാണ്. അവരെ അവഗണിച്ച് ഏകദൈവത്തെ മാത്രം ആരാധിക്കുന്നത് അവരെ നിന്ദിക്കലും നിഷേധിക്കലുമാകും. പക്ഷെ ഈ ന്യായം അല്ലാഹുവിന്റെ കാര്യത്തിൽ പരിഗണിച്ചില്ല. അവർ വണങ്ങുന്ന മൂർത്തികളടക്കമുള്ള അഖിലാണ്ഡം സൃഷ്ടിച്ചു പരിപാലിക്കുന്നത് സാക്ഷാൽ ഏകദൈവമാണെങ്കിൽ അവനെ വെടിഞ്ഞ് അവന്റെ സൃഷ്ടികളെ ആരാധിക്കുന്നത് അവനെ നിഷേധിക്കലും നിന്ദിക്കലുമല്ലേ?

ഈ ആരാധ്യർ ദൈവങ്ങളാണെന്നതിന് അവരുടെ പക്കൽ യാതൊരു തെളിവുമില്ല. അവരുടെ ഭാവനാ സൃഷ്ടികൾ മാത്രമാണവ. വാസ്തവത്തിൽ സ്വേഛാനുസാരം ജീവിക്കുകയാണവർ. സ്വന്തം ഇഷ്ടമനുസരിച്ച് നിശ്ചയിക്കുന്ന ആചാരങ്ങൾക്കും വ്യവസ്ഥകൾക്കും ആധികാരികത നൽകാൻ ഇവയെ ഭാവനാ സൃഷ്ടികളായ ദൈവങ്ങളുമായി ബന്ധിപ്പിക്കുകയാണ്. ഇവിടെ അല്ലാഹു തീർത്തും നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇന്നും അല്ലാഹുവിനെ അംഗീകരിക്കാനും അടിമപ്പെടാനും വിസമ്മതിക്കുന്നവർ ഇതു തന്നെയാണ് ചെയ്യുന്നത്. പണ്ടുകാലത്ത് തന്നിഷ്ടങ്ങൾക്ക് ആധികാരികത നൽകിയിരുന്നത് മൂർത്തികളുമായി ചേർത്തായിരുന്നുവെങ്കിൽ ഇന്നു പല വിഗ്രഹങ്ങളും അമൂർത്ത

മാണെന്നുമാത്രം. ഭൗതിക വാദത്തിലും നാസ്തികത്വത്തിലും അധിഷ്ഠിതമായ തത്വശാസ്ത്രങ്ങൾ ആത്മീയ ദൃഷ്ട്യാ മനുഷ്യ ഭാവനകൾ സൃഷ്ടിക്കുന്ന വിഗ്രഹങ്ങൾ തന്നെയാണ്.

മനുഷ്യന് അല്ലാഹുവിനെയും അവന്റെ ധർമശാസനകളെയും മനസ്സിലാക്കാനുള്ള ഉപാധിയാണ് അല്ലാഹുവിന്റെ ദൂതന്മാർ. ദൈവദൂതന്മാരെ ധിക്കരിക്കുന്നത് ദൈവനിഷേധത്തിന്റെ ഭാഗമാണ്. ദൈവദൂതന്മാർ ഉപദേശിക്കുന്ന ഏകദൈവ വിശ്വാസവും നൈതിക-ധാർമിക മൂല്യങ്ങളും സ്വേഛ പ്രമത്തമായ നടപടികളെ വിലക്കുന്നു. അതുകൊണ്ട് ദൈവനിഷേധികൾ ദൈവദൂതന്മാരെ ധിക്കരിക്കുന്നു. ദൈവദൂതന്മാർക്കു പകരം അവർ പിൻപറ്റുക സ്വേഛാ പ്രമത്തരെയും ധിക്കാരമൂർത്തികളെയുമാണ്. جَبَّارٍ عَنِيدٍ എന്നാണ് മൂലവാക്ക്. ബലാൽക്കാരം നിർബന്ധിക്കുക എന്നർഥമുള്ള جبر ൽ നിന്നുള്ള കർതൃപദമാണ് جبار. മറ്റുള്ളവരെ ബലാൽക്കാരമായി സ്വേഛകൾക്ക് വിധേയരാക്കുന്ന സ്വേഛാധിപതി, സർവാധിപതി എന്നൊക്കെയാണ് പ്രയോഗാർഥം. ഈ നടപടിക്ക് നിരുപാധികമായ കഴിവും അധികാരവുമുള്ളവൻ അല്ലാഹു മാത്രമാണ്. അതുകൊണ്ട് അല്ലാഹുവിന്റെ വിശിഷ്ട നാമങ്ങളിലൊന്നാണിത്. സൃഷ്ടികൾക്ക് ഒരിക്കലും പൂർണ جبار ആകാൻ കഴിയില്ല. പരിമിതമായ വിഷയങ്ങളുടെ പരിമിതമായ വശങ്ങളിൽ മാത്രമേ അവന് ഏകാധിപതിയാകാൻ കഴിയൂ. സൃഷ്ടികൾ നിരുപാധികം എല്ലാറ്റിന്റെയും ഏകഛത്രാധിപതിയാണെന്നവകാശപ്പെടുന്നുവെങ്കിൽ അത് കള്ളവും ദൈവത്തിനു തുല്യനായി ചമയലുമാകുന്നു. عَنَدَയിൽ നിന്നുള്ളതാണ് عنيد. വ്യതിചലിച്ചവൻ, സഹയാത്രികരുടെ വഴിവിട്ട് തനിക്ക് ബോധിച്ച വഴിയിലൂടെ സഞ്ചരിച്ചവൻ എന്നാണ് ഭാഷാർഥം. സ്വന്തം ഭാവനകളിൽ ഭ്രമിച്ചുപോയവൻ, സ്വയം രൂപപ്പെടുത്തിയ തത്വവും നയനിലപാടും തെറ്റാണെന്നറിഞ്ഞിട്ടും അതിൽതന്നെ ശഠിച്ചു നിൽക്കുന്നവൻ എന്നാണ് പ്രയോഗാർഥം.

ആദുവർഗത്തെ നയിച്ചുകൊണ്ടിരുന്നത് ഇത്തരക്കാരായിരുന്നു. തങ്ങളെ നയിക്കുന്ന വിശ്വാസങ്ങളും തത്വങ്ങളും നിയമങ്ങളുമൊക്കെ സ്വേഛാനുസാരം നിർമിക്കുകയാണെന്നു ജനങ്ങൾക്കും അറിയാമായിരുന്നു. ആദുകാർ അബദ്ധത്തിൽ അസത്യത്തിലും അധർമത്തിലും പെട്ടുപോവുകയായിരുന്നില്ല, തങ്ങൾ പിന്തുടരുന്നത് അസത്യത്തെയാണെന്ന് പ്രവാചകനിലൂടെ മനസിലാക്കിയിട്ടും അതിൽ ഉറച്ചുനിന്നവരായിരുന്നു എന്നു വ്യക്തമാക്കുകയാണീ വാക്യം. ഇക്കാലത്തും അല്ലാഹുവിനെയും അവന്റെ വേദത്തെയും പ്രവാചകനെയും തള്ളിക്കളഞ്ഞുകൊണ്ട് ഭൗതിക പ്രത്യയശാസ്ത്രങ്ങളും ജീവിത ദർശനങ്ങളും അവതരിപ്പിക്കുന്നവർ യഥാർഥത്തിൽ അവതരിപ്പിക്കുന്നത് അവരുടെ ഭാവനകളാണ്. ഇത്തരം ദർശനങ്ങളെ പിന്തുടരുന്നവർക്ക് അതറികയുകയും ചെയ്യാം. പക്ഷെ സ്വന്തം അഭിനിവേശങ്ങളും താൽപര്യങ്ങളും അവരെ അതിൽ തന്നെ തുടരാൻ നിർബന്ധിക്കുന്നു. കമ്യൂണിസം ഒരുദാഹരണമാണ്. അതു മുന്നോട്ടുവെച്ച പല സിദ്ധാന്തങ്ങളും തെറ്റാണെന്ന് ഇന്ന് കമ്യൂണിസ്റ്റ് പാർട്ടി നേതാക്കൾക്കു മാത്രമല്ല നല്ലൊരളവ് പ്രവർത്തകർക്കും അറിയാം. പക്ഷേ അഭിനിവേശങ്ങളും പാർട്ടി താൽപര്യങ്ങളും ഈ അറിവിനെ അവഗണിച്ച് മുന്നോട്ടു പോകാൻ അവരെ പ്രേരിപ്പിക്കുകയാണ്.

ആദുജനത ഹൂദ് എന്ന ഒരു പ്രവാചകനെയാണ് ധിക്കരിച്ചത്. ഈ സൂക്തത്തിൽ അവർ ദൈവദൂതന്മാരെ ധിക്കരിച്ചു وَعَصَوْاْ رُسُلَهُ എന്നുപറഞ്ഞിരിക്കുന്നു. ഇതിനു രണ്ടു വ്യാഖ്യാനങ്ങളുണ്ട്. 1) അല്ലാഹു മനുഷ്യരെ അവന്റെ ദൂതന്മാരായി അയക്കുകയില്ല എന്നായിരുന്നു അവരുടെ നിലപാട്. അല്ലാഹുവാകട്ടെ, അയച്ച ദൂതന്മാരൊക്കെയും മനുഷ്യരായിരുന്നു. അവരുടെ നിലപാട് ഫലത്തിൽ ഒരു ദൈവദൂതനുനേരെയുള്ള

ധിക്കാരമായിരുന്നുവെങ്കിലും തത്വത്തിൽ അത് എല്ലാ ദൈവദൂതന്മാരെയും ധിക്കരിക്കലായിരുന്നു. 2) എല്ലാ പ്രവാചകന്മാരുടെയും അടിസ്ഥാന സന്ദേശം ഒന്നായിരുന്നു. ഒരു പ്രവാചകന്റെ സന്ദേശത്തെ ധിക്കരിച്ചാൽ അത് എല്ലാ പ്രവാചകന്മാരുടെ സന്ദേശങ്ങളും ധിക്കരിച്ചതിനു തുല്യമായി. അല്ലാഹു അയച്ച എല്ലാ സത്യപ്രവാചകന്മാരിലും വിവേചനമന്യെ വിശ്വസിക്കുകയെന്നത് സത്യവിശ്വാസത്തിന്റെ – ഈമാനിന്റെ ഘടകമായി വിശുദ്ധ ഖുർആൻ 2:285 ൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

**60:** اتباع (തുടർത്തുക ചേർക്കുക, ബന്ധിപ്പിക്കുക)ൽ നിന്നുള്ള ഭൂതകാല അകർമക ക്രിയയാണ് وأُتبعوا. ആദിനു ശേഷമുള്ള സജ്ജനങ്ങളൊക്കെയും അവരെ ശപിച്ചുകൊണ്ടിരിക്കുന്നു എന്നാണ് وَأُتۡبِعُوا۟ فِى هَـٰذِهِ ٱلدُّنۡيَا لَعۡنَةً യുടെ സാരം. ഹൂദ് നബിക്കുശേഷം ആഗതരായ പ്രവാചകന്മാരെല്ലാം ആദുജനതയെ ശപിച്ചിരുന്നതായി ചില നിവേദനങ്ങളുണ്ട്. ലോകാവസാനം വരെ എല്ലാവരുടെ കണ്ണിലും ഒരഭിശപ്ത ജനമായിത്തീർന്നു എന്നുമാവാം ആശയം. ആദുകാരെപ്പോലെ അസത്യത്തിലും അധർമത്തിലും വിഹരിക്കുന്നവരെ എക്കാലത്തും ആളുകൾ ശപിച്ചുകൊണ്ടിരിക്കും. ഈ ശാപം ആദിന്നും ബാധകമാകുന്നു. ഈ ലോകം അവസാനിച്ചാലും ആദ് ജനതക്ക് ശാപമോക്ഷമുണ്ടാവില്ല. പരലോകത്തും അവർ അഭിശപ്തരായി വിധിക്കപ്പെടുകയും ശാപം അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

أَلَآ إِنَّ عَادًا...... എന്ന വാക്യം, മുൻ പറഞ്ഞ ശിക്ഷക്കും ശാപത്തിനും അർഹരാണ് ആദ് ജനത എന്നതിന്റെ സാക്ഷ്യമാണ്. അതായത്, ആദ് ജനത അവരെയും പ്രപഞ്ചത്തെയും സൃഷ്ടിച്ചു പരിപാലിക്കുന്ന വിധാതാവിനെ നിഷേധിച്ചു, അവനോട് നന്ദികേടു കാണിച്ചു. ദൈവദൂതനിലൂടെ ഉൽബോധിപ്പിച്ചിട്ടും നിഷേധത്തിലും നന്ദികേടിലും ഉറച്ചു നിന്ന അവർ നശിക്കുക തന്നെയാണ് വേണ്ടത്. ഈമാനിന്റെയും ശുക്റിന്റെയും വിപരീതമാണ് كفر. അല്ലാഹുവിൽ വിശ്വസിക്കാത്തവനെപ്പോലെ, വിശ്വസിച്ചിട്ട് അവനോട് നന്ദി പ്രകടിപ്പിക്കാത്തവനും കാഫിർ ആകുന്നു. മുൻചൊന്ന ഇഹത്തിലെ ശാപമാണ് بُعۡدًا لِّعَادٍ قَوۡمِ هُودٍ എന്നവാക്യം. بُعۡدًا എന്നതിന്റെ ആശയം നേരത്തെ 44-ാം സൂക്തത്തിനു താഴെ വിവരിച്ചിട്ടുണ്ട്. ഈ സൂക്തത്തിൽ 'ആദ്' എന്ന നാമം ആവർത്തിച്ചിരിക്കുന്നു. ഒരിടത്ത് അവരെ ഹൂദിന്റെ ജനം قَوۡمِ هُودٍ എന്നു വിശേഷിപ്പിക്കുകയും ചെയ്തിരിക്കുന്നു. أَلَآ എന്ന ഉണർത്തു ശബ്ദവും ആവർത്തിച്ചിരിക്കുന്നു. സംഭവത്തിന്റെ ഗൗരവത്തിലേക്കും അതുൾക്കൊള്ളുന്ന പാഠത്തിലേക്കും അനുവാചകന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുകയാണതുവഴി. ■